■ ഒരാൾക്കും റേഷൻ മുടങ്ങിയില്ലെന്ന് മന്ത്രി

# മേയിലെ റേഷൻ വിതരണം ഇന്നുമുതൽ

**തിരുവനന്തപുരം**

മേയിലെ റേഷൻ വിതരണം ശനിയാഴ്ച ആരംഭിക്കും. ഈമാസം വെള്ള കാർഡുടമകൾക്ക് 10.90 രൂപ നിരക്കിൽ 10 കിലോ അരി ലഭ്യമാക്കുമെന്ന് ഭക്ഷ്യ മന്ത്രി ജി ആർ അനിൽ അറിയിച്ചു. സാങ്കേതികത്തകരാർ കാരണം സംസ്ഥാനത്തെ ഒരാൾക്കും റേഷൻ മുടങ്ങിയിട്ടില്ലെന്നും എല്ലാ കാർഡ് ഉടമകൾക്കും റേഷൻ വാങ്ങാൻ അവസരം നല്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ഏപ്രിലിൽ രണ്ട് ദിവസം റേഷൻകടകൾ തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞില്ലെങ്കിലും മുൻമാസങ്ങളിലെ പോലെതന്നെ 78 ശതമാനം കാർഡ് ഉടമകളും റേഷൻ വിഹിതം കൈപ്പറ്റി. സാങ്കേതികത്തകരാർ പരിഹരിച്ചശേഷം റേഷൻകടകളുടെ പ്രവർത്തനം തൃപ്തികരമായി നടന്നുവരികയാണ്. കഴിഞ്ഞ നാല് ദിവസം റേഷൻകടകൾ ഷിഫ്റ്റ് സംവിധാനത്തിലും വ്യാഴം, വെള്ളി ദിവസങ്ങളിൽ പൂർണ സമയവും പ്രവർത്തിച്ചിരുന്നു.

ഏപ്രിലിൽ മുൻഗണനാ വിഭാഗത്തിൽനിന്ന് മഞ്ഞ കാർഡുടമകൾ 97 ശതമാനവും പിങ്ക് കാർഡുടമകൾ 93 ശതമാനവും റേഷൻ വിഹിതം കൈപ്പറ്റി. ഏപ്രിലിലെ റേഷൻ വിതരണം വെള്ളിയാഴ്ച അവസാനിച്ചു.



മത്സ്യ അനുബന്ധ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) നേതൃത്വത്തിൽ 19ന് നടത്തുന്ന രാജ്ഭവൻ മാർച്ചിന്റെ സംസ്ഥാന വാഹന പ്രചാരണ ജാഥ കാഞ്ഞങ്ങാട് കോട്ടച്ചേരിയിൽ സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറിയും ജാഥാ ലീഡറുമായ എ സഫറുള്ളയ്ക്ക് പതാക നൽകി ഉദ്ഘാടനം ചെയ്യുന്നു. മത്സ്യ തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി പുല്ലുവിള സ്റ്റാൻലി, ജാഥാ മാനേജർ കെ കെ കലേശൻ, സിഐടിയു കാസർകോട് ജില്ലാ പ്രസിഡന്റ് പി മണിമോഹൻ തുടങ്ങിയവർ സമീപം

# എൻഎഫ്പിഇയുടെ അംഗീകാരം റദ്ദാക്കിയ നടപടി പിൻവലിക്കണം

**തിരുവനന്തപുരം**

എൻഎഫ്പിഇയുടെ അംഗീകാരം റദ്ദാക്കിയ കേന്ദ്രസർക്കാർ നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കെഎസ്എഫ്ഇ സ്റ്റാഫ് അസോസിയേഷന്റെയും (സിഐടിയു) കെഎസ്എഫ്ഇ ഓഫീസേഴ്സ് യൂണിയന്റെയും ആഭിമുഖ്യത്തിൽ പ്രതിഷേധ പ്രകടനവും യോഗവും സംഘടിപ്പിച്ചു.

കെഎസ്എഫ്ഇ ഹെഡ് ഓഫീസിനു മുന്നിലും സംസ്ഥാനത്തെ 16 റീജണൽ ഓഫീസിനു മുന്നിലുമായിരുന്നു യോഗം.

ഹെഡ് ഓഫീസിനു മുന്നിൽ കെഎസ്എഫ്ഇ ഓഫീസേഴ്സ് യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി എസ് അരുൺ ബോസ് ഉദ്ഘാടനം ചെയ്തു. എൻഎഫ്പിഇ കേരള സർക്കിൾ അസി. സെക്രട്ടറി എൻ വിനോദ് കുമാർ, കെഎസ്എഫ്ഇ സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി വി എൽ പ്രദീപ്, കെഎസ്എഫ്ഇ ഓഫീസേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി എം ഷുബി അലി, സംസ്ഥാന വൈസ് പ്രസിഡന്റ് പി എസ് സംഗീത, ആർ ഐ ശരത് എന്നിവർ സംസാരിച്ചു.

# കേരള സ്റ്റോറി: ആവിഷ്കാര സ്വാതന്ത്ര്യമല്ല, പ്രചാരണായുധം

**സ്വന്തം ലേഖിക**

**തിരുവനന്തപുരം**

കേട്ടുപഴകിയ നുണക്കഥകളുടെ അടിസ്ഥാനത്തിൽ, കേരളം തീവ്രവാദത്തിന് ഫലപ്രദമായ മണ്ണാണെന്ന തെറ്റായ പ്രചാരണം ആയുധമാക്കുന്ന സിനിമയാണ് കേരള സ്റ്റോറിയെന്ന് പ്രേക്ഷക പ്രതികരണങ്ങൾ. കേരളത്തിൽ നടന്ന കഥയെന്ന് പറയുമ്പോഴും വസ്ത്രധാരണത്തിലോ ജീവിതശൈലിയിലോപോലും കേരളത്തെ പഠിക്കാതെയാണ് ഈ സിനിമ ചെയ്തതെന്നത് വ്യക്തമാണ്. മലപ്പുറം, കാസർകോഡ് എന്നീ സ്ഥലങ്ങൾ പരാമർശിക്കുമ്പോഴും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ വസ്ത്രധാരണ ശൈലിയാണ് സിനിമയിൽ ഉപയോഗിച്ചിട്ടുള്ളത്.

ഒരു മതത്തെ മാത്രം കേന്ദ്രീകരിച്ച് ചെയ്ത സിനിമ കേരളത്തെ മോശമായി കാണിക്കാനുള്ള ബിജെപിയുടെ പ്രചാരണത്തിന്റെ ഭാഗമായേ വിലയിരുത്താനാകൂവെന്ന് ചലച്ചിത്ര ആസ്വാദകനായ സിവി അഭിപ്രായപ്പെട്ടു. സംവിധായകന്റെ ആവിഷ്കാര സ്വാതന്ത്ര്യമെന്ന് പറയാനുള്ള സർഗാത്മകത കൊണ്ടുവരാൻ സിനിമയ്ക്ക് കഴിഞ്ഞിട്ടുമില്ല. ബിജെപിയുടെ രാഷ്ട്രീയ പ്രചാരണത്തിനുള്ള മാധ്യമമായിട്ട് സിനിമയെ ഉപയോഗിക്കുന്നതായി തോന്നും. സിനിമയിൽ പറയുന്ന പല കാര്യങ്ങളിലും വ്യക്തത വരുത്തേണ്ടതായിട്ടുണ്ടെന്നും സിവി പറയുന്നു.

## സമൂഹത്തിൽ ആശയക്കുഴപ്പമുണ്ടാക്കുന്ന സിനിമ : എം എ ബേബി

സമൂഹത്തിൽ ആശയക്കുഴപ്പമുണ്ടാക്കുന്ന സിനിമയാണ് ദ കേരള സ്റ്റോറിയെന്ന് സിപിഐ എം പൊളിറ്റ്ബ്യൂറോ അംഗം എം എ ബേബി. ഹീനമായ പ്രവർത്തനമാണ് സിനിമ നടത്തുന്നത്. സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കാനാണ് സിനിമ എടുത്തിരിക്കുന്നത്. ഈ സിനിമയെ സമൂഹം തള്ളിക്കളയണം. സിനിമയ്ക്ക് എതിരായ പ്രതിഷേധങ്ങൾ ജനാധിപത്യ മാർഗത്തിലൂടെ മാത്രമേ നടത്താവൂവെന്നും അദ്ദേഹം പറഞ്ഞു.

## സംസ്ഥാനത്ത് വർഗീയ ധ്രുവീകരണത്തിന് ശ്രമം: എ എ റഹിം

കേരളത്തെ അപകീർത്തിപ്പെടുത്താനും സംസ്ഥാനത്ത് വർഗീയ ധ്രുവീകരണം ഉണ്ടാക്കി രാഷ്ട്രീയ നേട്ടമുണ്ടാക്കാനും രാജ്യത്തെ സംഘപരിവാർ ബുദ്ധികേന്ദ്രങ്ങളുടെ ആസൂത്രണമാണ് കേരള സ്റ്റോറിയെന്ന് എ എ റഹിം എംപി. രാജ്യത്ത് വിദ്വേഷം പടർത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ട പ്രധാനമന്ത്രി അതിനെ ന്യായീകരിക്കുന്നത് ദൗർഭാഗ്യകരമാണ്. വിദ്വേഷ സിനിമയെ മുൻനിർത്തി, രാജ്യത്തെ അഭിമാനമായ കേരളത്തെ അപമാനിക്കാൻ പ്രധാനമന്ത്രി ശ്രമിക്കുന്നത് പ്രതിഷേധാർഹമാണ്. പ്രസ്താവന പിൻവലിച്ച് പ്രധാനമന്ത്രി കേരളീയരോട് മാപ്പ് പറയണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

# ജനകീയ ബാങ്കിങ് സംരക്ഷണ ജാഥ പര്യടനം

**കൊല്ലം/കണ്ണൂർ**

ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ(ബെഫി)സംസ്ഥാന കമ്മിറ്റിയുടെയും ജനകീയ ബാങ്കിങ് സംരക്ഷണസമിതിയുടെയും നേതൃത്വത്തിലുള്ള ജനകീയ ബാങ്കിങ് സംരക്ഷണ ഉത്തര–ദക്ഷിണ മേഖലാ ജാഥകൾ പര്യടനം തുടരുന്നു. ജനകീയ ബാങ്കിങ് സംരക്ഷിക്കുക, ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക, പൊതുമേഖല സംരക്ഷിക്കുക, ബാങ്ക് സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ആണ് ജാഥ. തിരുവനന്തപുരത്ത് നിന്ന് ആരംഭിച്ച ദക്ഷിണമേഖലാ ജാഥ വെള്ളി കൊല്ലം ജില്ലയിൽ പര്യടനം നടത്തി. വിവിധ കേന്ദ്രങ്ങളിൽ ഉജ്ജ്വല സ്വീകരണം ഏറ്റുവാങ്ങി.

പരവൂരിൽ സ്വീകരണയോഗം സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി കെ സേതുമാധവൻ ഉദ്ഘാടനംചെയ്തു. ആയൂർ, കൊട്ടാരക്കര, ചവറ എന്നിവിടങ്ങളിലെ സ്വീകരണത്തിന് ശേഷം കൊല്ലത്ത് സമാപിച്ചു. യോഗം സിഐടിയു ജില്ലാ സെക്രട്ടറി എസ് ജയമോഹൻ ഉദ്ഘാടനംചെയ്തു. എം വേണുഗോപാൽ അധ്യക്ഷനായി. ജാഥ ക്യാപ്റ്റൻ ഷാജു ആന്റണി വിശദീകരണം നടത്തി. ജാഥ ശനി ആലപ്പുഴയിൽ പ്രവേശിക്കും. കായംകുളത്താണ് ആദ്യ സ്വീകരണം.

കാസർകോട്ടുനിന്ന് ആരംഭിച്ച ഉത്തര മേഖലാജാഥ കണ്ണൂർ ജില്ലയിലെ പര്യടനം പൂർത്തിയാക്കി. ശനിയാഴ്ച വയനാട് ജില്ലയിൽ പ്രവേശിക്കും. മാനന്തവാടിയിലാണ് ആദ്യ സ്വീകരണം.

വെള്ളി ജാഥാപര്യടനം തളിപ്പറമ്പിൽ എം വിജിൻ എംഎൽഎ ഉദ്ഘാടനംചെയ്തു. മട്ടന്നൂർ, കൂത്തുപറമ്പ്, തലശേരി എന്നിവിടങ്ങളിലെ സ്വീകരണത്തിനുശേഷം കണ്ണൂരിൽ സമാപിച്ചു. കണ്ണൂർ പഴയ ബസ് സ്റ്റാൻഡ് പരിസരത്ത് ചേർന്ന പൊതുയോഗം സിഐടിയു സംസ്ഥാന സെക്രട്ടറി കെ പി സഹദേവൻ ഉദ്ഘാടനംചെയ്തു. കെ അശോകൻ അധ്യക്ഷനായി.




ബെഫി തെക്കൻ മേഖലാ ജനകീയ ബാങ്കിങ് സംരക്ഷണ ജാഥയുടെ ചവറയിലെ സ്വീകരണയോഗം സിഐടിയു കൊല്ലം ജില്ലാ സെക്രട്ടറി എസ് ജയമോഹൻ ഉദ്ഘാടനംചെയ്യുന്നു

## വത്തിക്കാൻ അധികാരികളുമായുള്ള കൂടിക്കാഴ്ച അവസാനിച്ചു

**കൊച്ചി**

എറണാകുളം–അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന തർക്കങ്ങൾ പരിഹരിക്കാൻ സിറോ മലബാർസഭാ സ്ഥിരം സുന്നഹദോസിലെ അംഗങ്ങൾ വത്തിക്കാനിലെ ഉന്നതാധികാരികളുമായി നടത്തിയ കൂടിക്കാഴ്ച അവസാനിച്ചു. പ്രതിനിധികൾ ശനിയാഴ്ച കേരളത്തിലേക്കു മടങ്ങും. രണ്ടുദിവസമായി നടന്ന കൂടിക്കാഴ്ച ഫലപ്രദമായിരുന്നുവെന്നും പ്രശ്നപരിഹാരത്തിനുള്ള വഴികൾ നിർദേശിക്കുക മാത്രമാണ് വത്തിക്കാൻ പ്രതിനിധികൾ ചെയ്തതെന്നും സിറോ മലബാർസഭാ വക്താവ് പറഞ്ഞു. മേജർ ആർച്ച് ബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി, സ്ഥിരം സുന്നഹദോസ് അംഗങ്ങൾ, ആർച്ച് ബിഷപ്പുമാരായ മാത്യു മൂലക്കാട്ട്, ആൻഡ്രൂസ് താഴത്ത്, ജോസഫ് പെരുന്തോട്ടം, ജോസഫ് പാംപ്ലാനി, തുടങ്ങിയവർ കൂടിക്കാഴ്ചകളിൽ പങ്കെടുത്തു.

# മണിപ്പുർ കലാപത്തിനു പിന്നിൽ ബിജെപി: ക്രൈസ്തവ നേതാക്കൾ

**ലെനി ജോസഫ്**

**ആലപ്പുഴ**

മണിപ്പുർ കലാപത്തിനു പിന്നിൽ ദശകങ്ങളായി തുടരുന്ന വംശീയവിദ്വേഷമാണെങ്കിലും അതു രൂക്ഷമാക്കിയത് പ്രബലമായ മെയ്തി വംശീയസമൂഹത്തിനുള്ളിൽ വളരുന്ന ഹിന്ദുത്വ വർഗീയവാദമാണെന്ന് സംസ്ഥാനത്തെ ക്രൈസ്തവ നേതാക്കൾ. കത്തോലിക്കാ പ്രസിദ്ധീകരണമായ 'സത്യദീപം ' മെയ് അഞ്ചിന് പ്രസിദ്ധീകരിച്ച റിപ്പോർട്ടാണ് ഇക്കാര്യം വെളിപ്പെടുത്തിയത്.

മെയ് ആദ്യവാരം ആരംഭിച്ച കലാപത്തിൽ ആറിലേറെ പേർ കൊല്ലപ്പെടുകയും മുപ്പതോളം ക്രിസ്ത്യൻ പള്ളികൾ തകർക്കപ്പെടുകയും ചെയ്തു. ആയിരക്കണക്കിനാളുകൾക്കു വീട് ഉപേക്ഷിച്ചു പോകേണ്ടിവന്നു. കലാപത്തിന്റെ ഇരകളിൽ ബഹുഭൂരിപക്ഷവും ക്രൈസ്തവരാണ്. ക്രൈസ്തവരുടെ വാണിജ്യസ്ഥാപനങ്ങളും തകർത്തു. തർക്കങ്ങൾ മുമ്പും പതിവുണ്ടെങ്കിലും പള്ളികൾ തെരഞ്ഞുപിടിച്ചു കത്തിച്ചതിനു പിന്നിൽ ക്രിസ്ത്യൻ വിരോധമാണ്.

മെയ്തിവംശത്തിനാണ് മണിപ്പുരിൽ ഭൂരിപക്ഷം. മറ്റു ഗോത്രവിഭാഗങ്ങളിൽ ക്രൈസ്തവർക്കാണ് മേൽക്കൈ. തലസ്ഥാനമായ ഇംഫാലിലും പരിസരത്തും ആധിപത്യമുള്ള മെയ്തികളാണ് മണിപ്പുരിലെ രാഷ്ട്രീയ, സാമ്പത്തിക രംഗങ്ങളിൽ കാലങ്ങളായി മേധാവിത്വം പുലർത്തുന്നത്. മലമ്പ്രദേശങ്ങളിൽ കഴിയുന്ന ഇതരവംശജരാണ് കൂടുതൽ ഭൂപ്രദേശത്ത് അധിവസിക്കുന്നത്. മെയ്തികളും അല്ലാത്തവരും തമ്മിൽ ഭൂമിയുടെ അവകാശത്തെ ചൊല്ലിയുള്ള സംഘർഷമുണ്ടായിരുന്നു. ഇതിനിടയിലാണ് മെയ്തി ഗോത്രത്തിൽ ബി ജെ പി യും ഹിന്ദുത്വവർഗീയവാദികളും കടന്നുകയറിയതും രാഷ്ട്രീയതാൽപര്യങ്ങൾക്കുവേണ്ടി അവരെ ഉപയോഗിക്കാൻ തുടങ്ങിയതും. ഇതു സ്ഥിതി ഗുരുതരമാക്കി.

രാഷ്ട്രീയ, സാമ്പത്തിക ശക്തിയുള്ള മെയ്തിസമൂഹത്തെ പട്ടികവർഗ സംവരണത്തിനു പരിഗണിക്കണമെന്ന ഹൈക്കോടതിവിധിയെ തുടർന്ന് ഇതര ഗോത്രങ്ങൾ ആരംഭിച്ച സമരങ്ങളാണ് ഇപ്പോഴത്തെ കലാപത്തിലേക്കു നയിച്ചത്. സമരത്തിനെതിരായ പ്രതിഷേധം മെയ്തി സമൂഹം വലിയ അക്രമമായി മാറ്റുകയായിരുന്നു. മെയ്തിക്രൈസ്തവരുടെ പള്ളികളും കൂട്ടത്തിൽ അവർ തകർത്തു. മെയ്തിസമൂഹം രഹസ്യമായി ആയുധശേഖരണം നടത്തുകയും യുദ്ധസജ്ജരായി ഇരിക്കുകയുമായിരുന്നുവെന്നും സമാധാനപരമായ സമരങ്ങൾ നടത്തിയ ഗോത്രവർഗക്കാർക്ക് ഇത് അപ്രതീക്ഷിതമായിരുന്നുവെന്നും 'സത്യദീപം' വ്യക്തമാക്കുന്നു.

# കുഞ്ചന്റെ മണ്ണിൽ കലയുടെ കളിത്തട്ടുണർന്നു

**എസ് ഗീതാഞ്ജലി**

**അമ്പലപ്പുഴ**

വേർതിരിവുകളുടെ കാലത്ത് ഒരുമയുടെ സന്ദേശവുമായി കുഞ്ചന്റെ തട്ടകത്ത് യുവതയുടെ വേലവിരുന്ന്. കേരള സർവകലാശാല കലോത്സവം 'ഏകത്വ'യ്ക്ക് അമ്പലപ്പുഴയിൽ ആവേശത്തുടക്കം. ഫലിത വിമർശത്താൽ രാജശാസനങ്ങളെ വിറകൊള്ളിച്ച കുഞ്ചന്റെ തുള്ളലിന് നിരോധനം നീക്കിയ നാളിന്റെ വാർഷികത്തിലാണ് അഞ്ചുദിവസം നീണ്ട കലയുടെ കളിത്തട്ടുണർന്നത്.

കെ കെ കുഞ്ചുപിള്ള മെമ്മോറിയൽ സ്കൂളിന് സമീപത്തുനിന്ന് വൈകിട്ട് അഞ്ചിന് ഘോഷയാത്ര ആരംഭിച്ചു. ഐതിഹവും ചരിത്രവും പേറുന്ന ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് തൊട്ടടുത്ത് അമ്പലപ്പുഴ ഗവ. കോളേജിൽ കലോത്സവ ഘോഷയാത്രയെത്തുമ്പോൾ നാടാകെ ഒഴുകിയെത്തി. വയലാർ നഗറിൽ (ഗവ. കോളേജിലെ ഒന്നാം വേദി) സർവകലാശാല വൈസ്ചാൻസലർ ഡോ. മോഹൻ കുന്നുമ്മൽ കൊടിയുയർത്തി. കൃഷിമന്ത്രി പി പ്രസാദ് കലോത്സവം ഉദ്ഘാടനം ചെയ്തു. സർവകലാശാല യൂണിയൻ ചെയർമാൻ എ വിഷ്ണു അധ്യക്ഷനായി. സ്വാഗതസംഘം ചെയർമാൻ എച്ച് സലാം എംഎൽഎ സ്വാഗതം പറഞ്ഞു. എ എം ആരിഫ് എം പി, ചലച്ചിത്രതാരങ്ങളായ ടിനി ടോം, ആൻസൺ പോൾ എന്നിവർ മുഖ്യാതിഥികളായി.



കലയുടെ പൂരം ... കേരള സർവകലാശാല യൂണിയൻ യുവജനോത്സവത്തിന്റെ മുന്നോടിയായി നടന്ന ഘോഷയാത്ര
ഫോട്ടോ : കെ എസ് ആനന്ദ് .

# കാട്ടാനക്കൂട്ടം കപ്പേള തകർത്തു



കാട്ടാനക്കൂട്ടം തകർത്ത പെരിങ്ങൽക്കുത്തിലെ കപ്പേള

**ചാലക്കുടി**

കാട്ടാനക്കൂട്ടം കപ്പേള തകർത്തു. അതിരപ്പിള്ളി പെരിങ്ങൽക്കുത്ത് ഡാം റോഡിൽ കോട്ടപ്പുറം രൂപതയുടെ കീഴിലുള്ള പുളിയിലപ്പാറ ക്രിസ്തുരാജ പള്ളിയുടെ എഴുപത് വർഷം പഴക്കമുള്ള കപ്പേളയാണ് വെള്ളിയാഴ്ച പുലർച്ചെ കാട്ടാനക്കൂട്ടം തകർത്തത്. പ്രദേശത്ത് കാട്ടാനശല്യം കുറച്ചുനാളുകളായി രൂക്ഷമായിരിക്കുകയാണ്.

വേർപാടിന്റെ 1-ാം വർഷം
(06-05-2023)



N. ഗോപി
(Ex. Service)
ബംഗ്ലാവിൽ വീട്, കിഴക്കുംകര,
കുളത്തൂർ പി.ഒ.
ഭാര്യ: ലീല ഗോപി
മക്കളും മരുമക്കളും ചെറുമക്കളും

ഇന്ന് വിവാഹിതരാകുന്നു (06.05.2023)





അഡ്വ. വിഷ്ണു എൽ ജെ
(സിപിഐ എം പേയാട് എൽസി അംഗം
ഡിവൈഎഫ്ഐ വിളപ്പിൽ ബ്ലോക്ക് ജോ. സെക്രട്ടറി)
S/o. ജയൻനായർ
& ലത, ലതാഭവൻ,
അരുവിപ്പുറം, പേയാട്

രമ്യാ എ എസ്
D/o. സോമശേഖരൻ നായർ
& അംബികാമണി
(സിപിഐ എം വിളപ്പിൽ ഏര്യാകമ്മിറ്റി അംഗം)
അംബികാലയം, പുന്നയ്ക്കാമുഗൾ
ആറാമട

വിവാഹ സൽക്കാരം : 2023 മെയ് 6 ശനിയാഴ്ച വൈകുന്നേരം 3.00 മുതൽ 9.00 മണിവരെ ജഗതി അനന്തപുരി ആഡിറ്റോറിയത്തിൽ
ആശംസകളോടെ: ഡിവൈഎഫ്ഐ പേയാട് മേഖലാ കമ്മിറ്റി

ദേശാഭിമാനി അക്ഷരമുറ്റം

White Mart
നമ്മുടെ അടുത്തുള്ള കട
പ്രിയ ദേശാഭിമാനി വായനക്കാർക്കായി ഈ ആഴ്ചയിലെ സ്പെഷ്യൽ ഓഫർ
വാഷിംഗ് മെഷീനുകൾക്ക് വമ്പിച്ച വിലക്കുറവ്



WASHING MACHINE 8 KG ₹8,490/- ONWARDS
*Conditions apply
കൂടാതെ എല്ലാ ബ്രാന്റഡ് പ്രോഡക്ടുകൾക്കും വമ്പിച്ച ഓഫറുകൾ
പത്ര കട്ടിങ്ങുമായി വരുന്ന മാന്യ വായനക്കാർക്ക് ഈ ഓഫർ ലഭ്യം.
Anantharaman: 7902235108 | Nelson: 9778413562

പ്രായഭേദമന്യേ ജോലിയോടൊപ്പം പഠിക്കാം
(DISTANCE EDUCATION)
SSLC / PLUS TWO
B.A / B.COM / BBA
M.A / M.COM / MBA

DEGREE
PG / B.TECH
പാതി വഴിയിൽ മുടങ്ങിയവരാണോ ?
UNIVERSITY CREDIT TRANSFER
വഴി പൂർത്തിയാക്കാം



ASIAN
EDUCATION FOUNDATION
ISO 9001:2015 CERTIFIED EDUCATIONAL TRUST
Registration No. 48/IV/2022, Under Govt. of Kerala
KOCHI
UGC / AIU / DEB / UPSC
ALL EMBASSIES
KERALA PSC APPROVED
94460 64567 / 94461 64567